**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂൺ 23, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

5 (*31) കേന്ദ്രപദ്ധതി വിഹിതമായി ലഭിച്ച തുക

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, 2008-09-ലെ 7700 കോടി രൂപയുടെ സംസ്ഥാന വാർഷിക പദ്ധതിക്ക് 3194 കോടി രൂപയാണ് കേന്ദ്രവിഹിതമായി അനുവദിച്ചിരുന്നതെന്ന് സഭയെ അറിയിച്ചു. താൽക്കാലിക കണക്കനുസരിച്ച് 2008-09-ലെ പദ്ധതിച്ചെലവ് 6215 കോടി രൂപയായിരുന്നു. ഇത് പദ്ധതി അടങ്കലിന്റെ 81 ശതമാനം വരും. പ്രോജക്ട് അടിസ്ഥാനത്തിലുള്ള വായ്പാ പദ്ധതികളുടെ ചെലവ് വേണ്ടവിധം നടക്കാത്തതാണ് മൊത്തം പദ്ധതിച്ചെലവിലെ കുറവിന് കാരണമെങ്കിലും കഴിഞ്ഞ വർഷത്തേക്കാൾ ഇക്കാര്യത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ മൊത്തം ചെലവിന്റെ 10% മാത്രമാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികളായി സംസ്ഥാന സർക്കാരിന് തരുന്നത്. അതേസമയം 30% സംസ്ഥാന ഗവൺമെന്റിനെ ബൈപാസ് ചെയ്ത്

ജില്ലകളിലേയ്ക്കും താഴെത്തട്ടിലെ മറ്റ് ഏജൻസികളിലേയ്ക്കും നൽകുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടത് പോസ്റ്റ് ക്രിയേഷന്റെ ആവശ്യമില്ലാത്ത സ്കീമുകൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന് നേരിട്ട് അയച്ചുകൊടുത്തശേഷം ഫിനാൻസ് ഡിപ്പാർട്ടുമെന്റിനെ പിന്നീട് അറിയിച്ചാൽ മതി എന്നുള്ളതാണ്. കണ്ടിന്യൂയിംഗ് സ്കീമാണെങ്കിൽ വീണ്ടും ഫിനാൻസ് ഡിപ്പോർട്ടുമെന്റിനോട് അനുവാദം ചോദിക്കേണ്ട ആവശ്യമില്ല. മൂന്നുകോടി രൂപയിൽ താഴെവരുന്ന പദ്ധതിയാണെങ്കിൽ ഡിപ്പാർട്ടുമെന്റിന്റെ വർക്കിംഗ് ഗ്രൂപ്പിനെ വച്ച് അനുവാദം കൊടുക്കാം. ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായി രൂപീകരിച്ചിട്ടുള്ള റിവ്യൂ കമ്മിറ്റി 14 പ്രധാനപ്പെട്ട പ്രോജക്ടുകളെടുത്ത് വളരെ വിശദമായി മോണിറ്റർ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ ആറേഴുവർഷത്തെ ശരാശരിയെടുത്താൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി 60%-നും 70%-നും ഇടയിൽ പണം ചെലവഴിക്കുന്നുണ്ട്. നിലവിലുള്ള ആക്ട് അനുസരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികൾക്ക് ലാൻഡ് അക്വിസിഷനുവേണ്ടി ഭൂമിയുടെ വില നിശ്ചയിക്കുമ്പോൾ വളരെ ചെറിയ വിലയാണ് വരുന്നതെന്നും ആ വിലയ്ക്ക് ഭൂമി കൊടുക്കാൻ ആർക്കും കഴിയില്ലെന്നുമുള്ളത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും, ഭൂമിയുടെ വിലമാത്രമല്ല അവർക്ക് സാമൂഹ്യ സുരക്ഷാ പുനരധിവാസ പദ്ധതികൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്കീം തയ്യാറാക്കി കൊടുത്തിട്ടുണ്ടെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് റവന്യൂ വകുപ്പുമന്ത്രി അറിയിച്ചു. അലോക്കേഷൻ അടിസ്ഥാനമാക്കിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് നവംബർ വരെയുള്ള കണക്കനുസരിച്ച് 88%-വും പ്രോജക്ട്

അടിസ്ഥാനമാക്കിയുള്ള പദ്ധതികൾക്ക് 55%-വും തുക ചെലവഴിച്ചിട്ടുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതിക്കായി കേരളത്തിൽ 800 കോടി രൂപയോളം ഈ വർഷം ചെലവാക്കുകയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി എല്ലാ മാസവും ഇതിന്റെ പുരോഗതി പരിശോധിക്കുകയും ചെയ്യുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു വേണ്ടി പണം ചെലവഴിച്ചിട്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും റീ-ഇംപേഴ്സ് ചെയ്യാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ താല്പര്യം കാണിക്കാത്തതുമൂലം 2005-06 വർഷത്തിൽ 1000 കോടി രൂപയോളം ലഭിക്കാതെ പോയിട്ടുണ്ട്. ഓരോ ഡിപ്പാർട്ടുമെന്റും ഇക്കാര്യം മോണിറ്റർ ചെയ്യണമെന്ന് നിർദ്ദേശം നൽകുകയും റീ-ഇംപേഴ്സ്മെന്റ് വാങ്ങുന്നതിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ എന്നുനോക്കിയതിനുശേഷമേ ബഡ്ജറ്റിൽ പണം അനുവദിക്കുകയുള്ളൂ എന്ന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. സുനാമി ഫണ്ട് കേന്ദ്രസർക്കാർ പണം തരുന്ന മുറയ്ക്കാണ് ചെലവഴിക്കുന്നത്. ഈ ഇനത്തിൽ കിട്ടിയ ഏതാണ്ട് 700 കോടിയോളം രൂപയും ചെലവഴിച്ചു. ബാക്കിയുള്ളത് ഈ വർഷം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. സുനാമി ഫണ്ട് ചെലവാക്കുന്നതിൽ യാതൊരു വീഴ്ചയുമുണ്ടായിട്ടില്ല. സുനാമി പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട എ.ഡി.ബി.യുടെ പദ്ധതി അനുസരിച്ചു കിട്ടിയ തുക ആറാട്ടുപുഴ ഉൾപ്പെടെയുള്ള പാലങ്ങളുടെ നിർമ്മാണത്തിന് ചെലവഴിക്കപ്പെട്ടുവെന്നും 'ടീപ്പ്'-ന്റെയും ടി.ആർ.പി.യുടെയും മുഴുവൻ വർക്കുകളും സമയബന്ധിതമായി പൂർത്തിയാക്കുന്നതാണെന്നും ഇതുസംബന്ധിച്ച് എല്ലാ ആഴ്ചയിലും മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളേയും വിളിച്ച് റിവ്യൂ നടത്തുന്നുണ്ടെന്നും എല്ലാ

പദ്ധതികളുടേയും പുരോഗതി കേന്ദ്രഗവൺമെന്റിനെ അറിയിക്കുകയും ചെയ്യുന്നുണ്ടെന്നും മറ്റൊരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് റവന്യൂ വകുപ്പുമന്ത്രി അറിയിച്ചു. ആറാട്ടുപുഴയിൽ ഒരു വീടുപോലും ഇതുവരെ ആവാസയോഗ്യമാക്കിയിട്ടില്ലെന്നുള്ള പരാതി പരിശോധിച്ച് അവിടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നതിന് സംവിധാനമുണ്ടാക്കുന്നതാണ്. കുട്ടനാടിന്റെ വികസനത്തിനുവേണ്ടിയുള്ള പ്രോജക്ടുകൾ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതിനുവേണ്ടി സംസ്ഥാന സർക്കാർ ഈ വർഷം 500 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി നടപ്പിലാക്കാൻ പോവുകയാണെന്ന് മന്ത്രി സഭയെ അറിയിച്ചു. നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിലുൾപ്പെടുത്തി പ്രോജക്ട് സമർപ്പിക്കാനാണ് കേന്ദ്ര ഗവൺമെന്റ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും എന്നാൽ കേന്ദ്രാവിഷ്കൃത നോംസിന്റെ പരിധിയിൽ കുട്ടനാട് മേഖലയെ എടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇതിനൊരു പ്രത്യേക പാക്കേജ് ഉണ്ടാകണമെന്നാണ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്നും തണ്ണീർമുക്കം ബാരേജിന്റേയും തോട്ടപ്പള്ളി സ്പിൽവേയുടെയും നിർമ്മാണങ്ങൾക്ക് ആവശ്യമായ കൺസൾട്ടൻസിയെ നിയമിച്ച് അതിന്റെ പൂർണ്ണ ചെലവ് കേന്ദ്ര ഗവൺമെന്റ് വഹിക്കാമെന്ന് സമ്മതിക്കുകയും അതിന് 33 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ജലവിഭവ വകുപ്പുമന്ത്രി അറിയിച്ചു. നാളീകേരകൃഷിക്കാർക്ക് ഏറ്റവും സഹായകരമായ രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതി ഇപ്പോൾ നാലു ജില്ലകളിൽ മൂന്നുവർഷംകൊണ്ട് നടപ്പാക്കാൻ പോവുകയാണ്. ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനു

വേണ്ടിയുള്ള പദ്ധതിക്ക് 10% ടെണ്ടർ എക്സസ് അംഗീകരിച്ചിട്ടുണ്ടെന്നും ഭാരത് നിർമ്മാണിൽപ്പെടുത്തിയുള്ള റോഡുകളുടെ പ്രവൃത്തികൾക്കായി ഈ വർഷം 5000 കോടി രൂപയുടെ ഭരണാനുമതിയാണ് കൊടുക്കാൻ പോകുന്നതെന്നും നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ചെയ്യാതിരിക്കുകയും ടെണ്ടർ എക്സസ് കൂടുതൽ ആവശ്യപ്പെടുകയും ചെയ്യുന്ന കരാറുകാർക്കെതിരെ കർശനമായ നിലപാട് സ്വീകരിക്കുന്ന താണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

6 (*32) ബി.പി.എൽ. സർവ്വേ

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനായുള്ള സർവ്വേയുടെ എന്യൂമറേഷൻ ജോലികൾ പുരോഗമിക്കുകയാണെന്നും ജൂൺ മാസാവസാനത്തോടെ അത് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷി ക്കുന്നുവെന്നും സഭയെ അറിയിച്ചു. സർവ്വേയുടെ ഭാഗമായുള്ള എന്യൂമറേ ഷൻ ജോലികൾക്ക് 45,350 അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തു ന്നുണ്ട്. എന്യൂമറേഷൻ ജോലികൾക്കായി നിയോഗിക്കപ്പെടുന്ന അദ്ധ്യാപ കർക്ക് ഗൃഹസന്ദർശനം നടത്തി സർവ്വേയ്ക്കായുള്ള 'എ' ഫോറം പൂരിപ്പി യ്ക്കുന്നതിന് ഒരു രൂപയും 'ബി' ഫോറം പൂരിപ്പിയ്ക്കുന്നതിന് മൂന്ന് രൂപയും നൽകുന്നതാണ്. കൂടാതെ വെക്കേഷൻ കാലയളവിൽ എന്യൂമറേഷൻ ജോലി ചെയ്ത അദ്ധ്യാപകർക്ക് ഏൺഡ് ലീവ് അനുവദിയ്ക്കുന്നതിനും സ്കൂൾ തുറന്ന ശേഷം അവധി ദിവസങ്ങളിൽ എന്യൂമറേഷൻ ജോലി ചെയ്ത അദ്ധ്യാപകർക്ക് ഈ ദിവസങ്ങൾക്ക് പകരമായി ഡ്യൂട്ടി ഓഫ് നൽകു

ന്നതിനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം 10.259 ലക്ഷമായിട്ടാണ് കേന്ദ്ര ആസൂത്രണ കമ്മീഷൻ നിജപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റിന്റെ കണക്കനുസരിച്ചുണ്ടായിരുന്ന 22 ലക്ഷത്തോളം ബി.പി.എൽ. കുടുംബങ്ങളിൽ 12 ലക്ഷത്തോളം കുടുംബങ്ങളെ ഒഴിവാക്കണമെന്നാണ് കേന്ദ്രം നിർദ്ദേശം നൽകിയിട്ടുള്ളത്. 12 ലക്ഷം കുടുംബങ്ങൾക്ക് യാതൊരു കാരണവശാലും ഇതിന്റെ ആനുകൂല്യം നിഷേധിക്കപ്പെടാൻ പാടില്ലെന്നുള്ളതുകൊണ്ട് അവർക്കുകൂടി സംസ്ഥാന സർക്കാർ ബി.പി.എൽ ആനുകൂല്യം കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് നിജപ്പെടുത്തിയിട്ടുള്ള 11 ലക്ഷത്തോളം വരുന്ന കുടുംബങ്ങളെ ഒരു ലിസ്റ്റായും അതിനുപുറത്തുവരുന്നവരെ മറ്റൊരു ലിസ്റ്റായും തയ്യാറാക്കുന്നതിനാണ് അദ്ധ്യാപകരെ നിയോഗിച്ചിട്ടുള്ളത്. അദ്ധ്യാപകർ കേരളത്തിലെ എല്ലാ വീടുകളിലും പോയി പരിശോധന നടത്തി ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരികയാണ്. ജൂലൈ മാസത്തിൽ അവസാന ലിസ്റ്റ് തയ്യാറാകും. ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഒരു കാരണവശാലും കുടുംബങ്ങളിൽ പോയി യഥാർത്ഥ വിവരങ്ങൾ മനസ്സിലാക്കാതെ ലിസ്റ്റ് തയ്യാറാക്കരുതെന്നുള്ള കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഏതെങ്കിലും തരത്തിൽ അർഹതപ്പെട്ടവർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ അവർക്ക് അപ്പീൽ കൊടുക്കാനുള്ള അവകാശമുണ്ട്. ലിസ്റ്റിൽ അനർഹരായവർ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. റേഷൻകാർഡ് വഴി ലഭിക്കുന്ന ബി.പി.എൽ. ആനുകൂല്യങ്ങൾ പുതിയ ലിസ്റ്റ് അനുസരിച്ച്

നിഷേധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവ പരിശോധിച്ച് അർഹരായവർക്ക് അത് തിരിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റ് അടുത്ത വർഷം പുതിയ സർവ്വേ നടത്തുന്നതുവരെ ഇപ്പോൾ തയ്യാറാക്കുന്ന ലിസ്റ്റിന്റെ കാലാവധി നിലനിൽക്കുമെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

7 (*33) ഗുണ്ടാനിയന്ത്രണ പ്രവർത്തനങ്ങൾ

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം നിലവിൽ വന്നതിനുശേഷം സ്ഥിരമായി ഗുണ്ടാ-മാഫിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അറിയപ്പെടുന്ന ഗുണ്ട അല്ലെങ്കിൽ അറിയപ്പെടുന്ന റൗഡി എന്ന് തരംതിരിച്ച് ഈ നിയമത്തിന്റെ 3, 15 വകുപ്പുകൾ പ്രകാരമുള്ള ഉത്തരവുകളും, 17-ാം വകുപ്പ് പ്രകാരം സാമൂഹ്യവിരൂദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനുമുള്ള ഉത്തരവുകളും ബന്ധപ്പെട്ട ഓരോ കേസ്സിലും പുറപ്പെടുവിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഗുണ്ടാ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജില്ലാ മജിസ്ട്രേട്ടുമാർക്കും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെടുന്നവരെ ആവശ്യമെങ്കിൽ കരുതൽ തടങ്കലിലാക്കുന്നതിനുള്ള അധികാരം 21.4.2009 മുതൽ ഒരു വർഷത്തേയ്ക്ക് നൽകിയിട്ടുണ്ട്. ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ 2.1.2009-ലെ ഉത്തരവ് പ്രകാരം അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിനെ (ഇന്റലിജൻസ്) ഈ നിയമം

ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഈ നിയമം കുറ്റമറ്റരീതിയിൽ നിയമാനുസൃതം നടപ്പിലാക്കുന്നതിനുള്ള വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ പോലീസുദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. സാമൂഹ്യവിരുദ്ധരേയും ഗുണ്ടകളേയും നിരീക്ഷിക്കുന്നതും അമർച്ച ചെയ്യുന്നതും സ്റ്റേഷൻ ഹൗസ് ഓഫീസർ, സർക്കിൾ ഇൻസ്പെക്ടർ, സബ്ഡിവിഷണൽ പോലീസ് ഓഫീസർ എന്നിവരുടെ ദിവസേനയുള്ള ചുമതലയുടേയും ഉത്തരവാദിത്വത്തിന്റേയും ഭാഗമാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഗുണ്ടകളുടെ 2003 മുതലുള്ള പൂർവ്വകാല ക്രിമിനൽ പശ്ചാത്തലം ആധാരമാക്കിയുള്ള പട്ടിക തയ്യാറാക്കുന്നതിനും ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തടങ്കലുത്തരവ് ഇറക്കുവാനുദ്ദേശിക്കുന്ന തീയതിക്കുമുൻപുള്ള ഏഴ് വർഷക്കാലയളവിൽ അറിയപ്പെടുന്ന ഗുണ്ട അല്ലെങ്കിൽ അറിയപ്പെടുന്ന റൗഡി എന്നിവർക്കെതിരെയാണ് ഈ നിയമത്തിന്റെ വകുപ്പുകൾ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത്. പുതിയതായി ഗുണ്ടാ പ്രവർത്തനം ആരംഭിച്ചവരെ നിരീക്ഷിക്കുന്നതിനും നടപടി എടുക്കുന്നതിനും പോലീസുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജവാറ്റുകാർ, പരിസ്ഥിതിധ്വംസകർ, കള്ളനോട്ടടിക്കാർ, വ്യാജ സി.ഡി. നിർമ്മാതാക്കൾ തുടങ്ങി വിവിധ തരത്തിലുള്ള സാമൂഹ്യവിരുദ്ധരുടെ പ്രവർത്തനങ്ങൾ തടയുക എന്നുള്ള ഉദ്ദേശ്യത്തോടെ കൊണ്ടുവന്നിട്ടുള്ള ഈ നിയമം മുഖേന ക്വട്ടേഷൻ സംഘത്തിൽപ്പെട്ടയാളുകളെയും നിയമാനുസൃതമായി ശിക്ഷിക്കാൻ സാധിക്കുന്നതാണ്. ഗുണ്ടകളെ ആക്രമണങ്ങൾക്ക് നിയോഗിക്കുന്നവരേയും

നിയമത്തിന്റെയടിസ്ഥാനത്തിൽ നടപടിക്ക് വിധേയമാക്കാൻ കഴിയും. ഈ നിയമം നിലവിൽ വന്നതിനുശേഷം ഇതുവരെ 294 പേരെ കസ്റ്റഡിയിലെടുത്ത് തടങ്കലിലാക്കിയിട്ടുണ്ട്. ഗുണ്ടാ പ്രവർത്തനത്തിൽ ഏർപ്പെടുന്നവരെ ആറുമാസം വരെ തടങ്കലിൽ വയ്ക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്. കമ്മ്യൂണിറ്റി പോലീസിംഗ് സിസ്റ്റത്തിന്റെ ഭാഗമായുള്ള ജനമൈത്രി സുരക്ഷാ പദ്ധതി ഈ വർഷം 21 സ്ഥലങ്ങളിൽകൂടി വ്യാപിപ്പിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 232 മുതൽ 498 വരെയുള്ള ചോദ്യങ്ങളിൽ 130 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

..................